LIBRARY ARCHIVES Kerala Legislative Assembly

കോവിഡ് മഹാമാരിയുടെ വ്യാപനത്തെ തുടർന്ന് പ്രതിസന്ധിയിലായ ടൂറിസം മേഖലയിലെ തൊഴിലാളികളെയും, ചെറുകിട സംരംഭകരേയും, ഉത്തരവാദിത്ത ടൂറിസം മിഷൻ യൂണിറ്റുകളേയും/സംരംഭങ്ങളേയും സഹായിക്കുന്നതിനായി "റിവോൾവിംഗ് ഫണ്ട് പദ്ധതി" ആരംഭിക്കുന്ന വിഷയം പരിശോധിച്ചുവരുന്നു.

**ടൂറിസം സഹകരണ സംഘങ്ങൾ**

30(*240) <u>ശ്രീമതി യു. പ്രതിഭ</u>:
<u>ഡോ. കെ. ടി. ജലീൽ</u>:
<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>:
<u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി (<u>ശ്രീ. പി. എ. മുഹമ്മദ് റിയാസ്</u>) സദയം മറുപടി നൽകുമോ:

(എ) കോവിഡാനന്തരം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ വീണ്ടെടുക്കുന്നതിനും വികസിപ്പിക്കുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

കോവിഡ് 19-ന്റെ ഒന്നും രണ്ടും തരംഗങ്ങൾ സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയെ ഏറെ പ്രതികൂലമായി ബാധിച്ചിരുന്നു. അത് പരിഹരിക്കാനായി 2020-ൽ നടപ്പിലാക്കിയ ആശ്വാസ പദ്ധതികളാണ് ടൂറിസം വർക്കിംഗ് ക്യാപിറ്റൽ സപ്പോർട്ട് സ്കീം, ടൂറിസം എംപ്ലോയ്മെന്റ് സപ്പോർട്ട് സ്കീം, ടൂറിസം ഗൈഡ് സപ്പോർട്ട് സ്കീം, ടൂറിസം ഹൗസ് ബോട്ട് സപ്പോർട്ട് സ്കീം എന്നിങ്ങനെയുള്ള പദ്ധതികൾ. ഇതുമൂലം വിനോദസഞ്ചാര മേഖലയിലെ നിരവധി നിക്ഷേപകർക്കും തൊഴിലാളികൾക്കും പ്രത്യക്ഷമായും പരോക്ഷമായും ഏറെ ഗുണം ചെയ്തിരുന്നു. ഇത്തരം സമാശ്വാസ പദ്ധതികളാണ് വിനോദസഞ്ചാര മേഖലയെ നിലനിർത്തുന്നതിന് നിർണ്ണായക പങ്ക് വഹിക്കുന്നത്. ഇവ മുൻ വർഷത്തെപ്പോലെ ഈ വർഷവും തുടരുന്നത് സംബന്ധിച്ച് പരിശോധിച്ചുവരുന്നു. വിനോദസഞ്ചാര മേഖലയിൽ മുതൽ മുടക്കിയിട്ടുള്ളവർക്കായി വകുപ്പ് വിവിധങ്ങളായ അംഗീകൃത ഹോംസ്റ്റേ/സർവ്വീസ്ഡ് വില്ല/ ഹൗസ് ബോട്ട്/ആയുർവേദ സെന്ററുകൾ/ റസ്റ്റോറന്റുകൾ/അമ്യൂസ്മെന്റ് പാർക്ക്/ അഡ്വഞ്ചർ ടൂറിസം യൂണിറ്റുകളുടെ അംഗീകാരം/ക്ലാസിഫിക്കേഷൻ/അക്രഡിറ്റേഷൻ കാലാവധി 2021 ഡിസംബർ 31 വരെ പുതുക്കിനൽകിയിട്ടുണ്ട്. ഇതുകൂടാതെ വിവിധങ്ങളായ പ്രചരണ പരിപാടികളും സംഘടിപ്പിക്കുന്നുണ്ട്. കഴിഞ്ഞ വർഷം സംഘടിപ്പിച്ച പോസ്റ്റ് കോവിഡ് പ്രൊമോഷൻ ക്യാമ്പയിന്റെ ചുവട് പിടിച്ച് കേരളം സുരക്ഷിതമാണെന്ന സന്ദേശം നൽകി വിവിധ ക്യാമ്പയിനുകൾ കോവിഡിന്റെ രണ്ടാം തരംഗം അവസാനിക്കുന്ന മുറയ്ക്ക് തുടങ്ങുന്നതാണ്.

വിനോദസഞ്ചാര മേഖലയിൽ മുതൽമുടക്കിയ നിക്ഷേപകർക്കും ഈ രംഗത്ത് ജോലി ചെയ്യുന്ന തൊഴിലാളികൾക്കുംവേണ്ടി സംസ്ഥാന സർക്കാർ വിവിധ പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. കോവിഡിനുശേഷമുള്ള ടൂറിസം മേഖലയുടെ വളർച്ച മുന്നിൽ കണ്ട് മാർക്കറ്റിംഗിനായി കൂടുതൽ തുക ബഡ്ജറ്റിൽ വകയിരുത്തിയിട്ടുണ്ട്. ആഭ്യന്തര വിനോദ സഞ്ചാരികളെയെങ്കിലും കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനായുള്ള ക്യാമ്പയിനുകളാണ് ഇപ്പോൾ പരിഗണന നൽകി നടപ്പാക്കാൻ ഉദ്ദേശിക്കുന്നത്. വിനോദസഞ്ചാര മേഖലയിലുള്ള എല്ലാ വിഭാഗത്തിനും മുൻഗണനാക്രമം നൽകി വാക്സിൻ നൽകുന്ന നടപടികളും പുരോഗമിക്കുന്നുണ്ട്. സർക്കാർ വിനോദസഞ്ചാര മേഖലയ്ക്ക് നൽകുന്ന മുന്തിയ പരിഗണന വഴി കോവിഡാനന്തരം സംസ്ഥാനത്തെ വിനോദസഞ്ചാര മേഖല പൂർവ്വാധികം ശക്തിയോടെ ഉയർത്തെഴുന്നേൽക്കും എന്നാണ് പ്രതീക്ഷിക്കുന്നത്.

(ബി) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടൂറിസം സഹകരണ സംഘങ്ങളെ വകുപ്പിന്റെ പ്രവർത്തനവുമായി കൂട്ടിയിണക്കാൻ ശ്രദ്ധപതിപ്പിക്കുമോ;

&

(സി) നിലവിലുള്ള നിയമത്തിന്റെയും അംഗീകൃത നിയമാവലിയുടെയും പിൻബലത്തിൽ ഓഡിറ്റിംഗിനും പരിശോധനകൾക്കും വിധേയമായി പ്രവർത്തിക്കുന്ന പ്രസ്തുത സംഘങ്ങൾ വഴിയുള്ള ടൂറിസം വികസനം കൂടുതൽ ഉത്തരവാദിത്വത്തോടെയും ജനപങ്കാളിത്തത്തോടെയും കുറ്റമറ്റ നിലയിൽ നടത്താൻ കഴിയുമെന്നത് പരിഗണി ച്ചിട്ടുണ്ടോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ടൂറിസം സഹകരണ സംഘങ്ങളെ ടൂറിസം വകുപ്പിന്റെ പ്രവർത്തനങ്ങളുമായി കൂട്ടിയിണക്കുവാൻ നിലവിൽ പദ്ധതികളൊന്നും ഇല്ല. ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, ടൂറിസം മാർക്കറ്റിംഗ്, സംസ്ഥാന സർക്കാരിന്റെ ഹോസ്പിറ്റാലിറ്റി പ്രവർത്തനങ്ങൾ മുതലായവയാണ് ടൂറിസം വകുപ്പ് കൂടുതൽ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്. ഈ പ്രവർത്തനങ്ങളിൽ ടൂറിസം സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തുന്നതിന് നിലവിൽ പദ്ധതികളൊന്നും ആവിഷ്കരിച്ചിട്ടില്ല. എന്നിരുന്നാലും മികച്ച ടൂറിസം സംരംഭവുമായി മുന്നോട്ടുവരുന്ന സഹകരണ സ്ഥാപനങ്ങളെ പ്രോത്സാഹിപ്പിക്കുന്ന കാര്യം പരിഗണിക്കാവുന്നതാണ്.

(ഡി) പുതിയ ഡെസ്റ്റിനേഷൻ കണ്ടെത്തി പ്രവർത്തനമാരംഭിക്കുന്നതിനും കെ.ടി.ഡി.സി., ഡി.ടി.പി.സി. തുടങ്ങിയവയുടെ സ്ഥാപനങ്ങൾ ഏറ്റെടുത്തു നടത്തുന്നതിനും ഇത്തരം സംഘങ്ങളെ ഉൾപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

കെ.ടി.ഡി.സി.യും ഡി.ടി.പി.സി.യും സ്വന്തം നിലയിൽ ടൂറിസം പ്രവർത്തനത്തിൽ ഏർപ്പെട്ടിരിക്കുന്ന സ്ഥാപനങ്ങളാണ്. കെ.ടി.ഡി.സി.-യുടെ കീഴിലുള്ള ഹോട്ടലുകൾ കെ.ടി.ഡി.സി സ്വന്തം നിലയിലാണ് നടത്തിവരുന്നത്. അതുകൊണ്ട് സഹകരണ സ്ഥാപനങ്ങൾക്ക് കെ.ടി.ഡി.സി-യുടെ യൂണിറ്റുകൾ ഏറ്റെടുത്ത് നടത്തുവാൻ നിലവിൽ കഴിയുകയില്ല. ഡി.ടി.പി.സി.-കൾ പാർക്കുകളും മറ്റ് വിനോദോപാധികളും നടത്തുന്നുണ്ട്. ഇത്തരം സ്ഥാപനങ്ങളുടെ നടത്തിപ്പിനായി കരാർ അടിസ്ഥാനത്തിൽ മറ്റ് സ്ഥാപനങ്ങളെ നിയോഗിക്കുമ്പോൾ സഹകരണ സ്ഥാപനങ്ങൾക്കും ചട്ടപ്രകാരം പങ്കെടുക്കാവുന്നതാണ്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കൊല്ലം ബീച്ചിലെ ടോയ്‌ലറ്റ് കോംപ്ലക്സ്

1(2357) <u>ശ്രീ. എം. മുകേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൊല്ലം ബീച്ചിൽ അന്താരാഷ്ട്ര നിലവാരമുള്ള ടോയ്‌ലറ്റ് കോംപ്ലക്സ് സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കൊല്ലം ബീച്ചിൽ അന്താരാഷ്ട്ര നിലവാരമുള്ള ടോയ്‌ലറ്റ് കോംപ്ലക്സ് സ്ഥാപിക്കുന്ന പദ്ധതിയുടെ എക്സിക്യൂട്ടിംഗ് ഏജൻസിയായ കിറ്റ്‌കോ കോൺട്രാക്ടർക്ക് വർക്ക് അവാർഡ് ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതി വിഭാവന ചെയ്തിരിക്കുന്ന സ്ഥലത്ത് നിൽക്കുന്ന മരങ്ങൾ മുറിച്ച് മാറ്റുന്നതിനായി സോഷ്യൽ ഫോറസ്ട്രി വകുപ്പിനോടും കൊല്ലം നഗരസഭയോടും ആവശ്യപ്പെട്ടിരിക്കുകയാണ്. ടി വകുപ്പുകളുടെ ക്ലിയറൻസ് ലഭിച്ചാലുടൻ പദ്ധതി നിർമ്മാണം ആരംഭിക്കുന്നതാണ്.

### പന്ന്യന്നൂർ ഐ.ടി.ഐ. കെട്ടിട നിർമ്മാണം

2(2358) <u>ശ്രീ. എ. എൻ. ഷംസീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത്- വിനോദസഞ്ചാര വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തലശ്ശേരി നിയോജകമണ്ഡലത്തിൽ അനുവദിച്ച പന്ന്യന്നൂർ ഐ.ടി.ഐ.-യുടെ കെട്ടിടനിർമ്മാണത്തിന്റെ ഭാഗമായുള്ള ഇൻവെസ്റ്റിഗേഷൻ എസ്റ്റിമേറ്റ് (ഐ.ടി.ഐ.ബി.എൽ./2020/7055) പി.ഡബ്ല്യൂ.ഡി. ചീഫ് എഞ്ചിനീയർ (ബിൽഡിംഗ്) വിഭാഗത്തിന് സമർപ്പിച്ചിരുന്നുവോ; ആയതിന് അംഗീകാരം ലഭ്യമായോ എന്ന് അറിയിക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly